**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4626** **29-10-2021 - ൽ മറുപടിയ്ക്ക്**

**ജലസ്രോതസ്സ് സംരക്ഷണ നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും പിഴ ഈടാക്കാനും 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം സാധ്യമാണ്. ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനും ശിക്ഷ/പിഴ വർദ്ധിപ്പിക്കുന്നതിനുമായി 2018-ൽ നിയമം ഭേദഗതി വരുത്തിയിട്ടുണ്ട്. ഭേദഗതി നിയമപ്രകാരം മൂന്ന് വർഷംവരെ തടവും പരമാവധി രണ്ട് ലക്ഷം രൂപ പിഴയുമാണ് കുറ്റക്കാർക്ക് ലഭിക്കുന്നത്. ഇത് കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവർക്കും ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ നേരിട്ട് നടപടി സ്വീകരിക്കാൻ കഴിയും. |
| (ബി) | 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും ഭേദഗതി നിയമപ്രകാരം ജലസ്രോതസ്സുകൾ മലിനപ്പെടുത്തിയതിന് കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ പോലീസിൽ പരാതി നൽകുന്നതിന് ജലസേചനവകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ ഉള്ള ഉദ്യോഗസ്ഥർക്ക് അധികാരം നൽകിയിരിക്കുന്നു. 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും ഭേദഗതി നിയമം പ്രാബല്യത്തിൽ വന്നതിന് ശേഷം 27 കേസുകൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ വകുപ്പ് ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇങ്ങനെ നൽകുന്ന പരാതികൾ അന്വേഷിച്ച്, കുറ്റക്കാരെ കണ്ടെത്തി, ബഹു.ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്ത് ശിക്ഷ വിധിക്കുകയാണ് ചെയ്യുന്നത്. പോലീസ് അധികൃതരാണ് മേൽപറഞ്ഞ അന്വേഷണം നടത്തുകയും കോടതി മുഖാന്തിരം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ